## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം783 03.12.2014-ൽ മറുപടിക്ക്**

**കാസർഗോഡ് ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ ഉദുമ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ നിലവിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ; | (എ) കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ 54 ഒഴിവുകളാണ് നിലവിലുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു:-<br>അസിസ്റ്റന്റ് സർജൻ - 40<br>ജൂനിയർ കൺസൾട്ടന്റ് - 9<br>കൺസൾട്ടന്റ് - 5 |
| (ബി) ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) സ്വീകരിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ആരോഗ്യ വകുപ്പിൽ നിയമനം നൽകി പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്. കൂടാതെ, സർവ്വീസിലുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകളിൽ പ്ലേസ്മെന്റ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകളും നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) ജില്ലയിൽ, സർക്കാർ ആശുപത്രികളിലെ രോഗികളുടെ വർദ്ധനവനുസരിച്ച് ജില്ലാ ആശുപത്രിയിലും താലൂക്ക് ആശുപത്രികളിലും | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| ഡോക്ടർമാരുടെ അധിക തസ്തിക അനുവദിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (ഡി) എങ്കിൽ ആയത് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കുമോ? | (ഡി) കാസർഗോഡ് ജില്ലയിലെ നീലേശ്വരം, മഞ്ചേശ്വരം, തൃക്കരിപ്പൂർ എന്നീ ആശുപത്രികളിലെ ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് പി.എൽ.എ.3-6089/14/ആവഡ എന്ന നമ്പറിലുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിരുന്നു. 20.09.14-ലെ 24569/എം1/2013 എന്ന കത്ത് പ്രകാരം ടി പ്രൊപ്പോസൽ പരിഗണിക്കുവാൻ പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതിനാൽ അത്യാവശ്യം വേണ്ട തസ്തികകൾ ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേയ്ക്ക് അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ